# ആകാശപറവകളുടെ കൂട്ടുകാർ

പുസ്തകം 4 ലക്കം 5 ഏപ്രിൽ 2012

## ഉള്ളടക്കം

നമ്മുടെ സ്വന്തം കുഞ്ഞുങ്ങൾ ............. 3

ഉയർപ്പിക്കാതെ ഉയിർപ്പാചരണമോ...? 6

നീ വിതയ്ക്കാത്തത് എങ്ങിനെ ............ 9

ദിവ്യകാരുണ്യ വൃക്ഷത്തിന്റെ .............. 14

ജോസച്ചൻ കുരിശിൻ തറയിലോ ....... 17

പെന്തക്കുസ്താ തപസ് ..................... 20

ക്രിസ്തുസംഭവത്തിലൂടെ ................. 21

എന്റെ മാതാവായ തിരുസഭ ............. 25

ഉണർവ്വും ഈശോയുടെ ഉയിർപ്പും .. 29

ഉണരൂ രക്തസാക്ഷിത്വത്തിനായി ....... 30

എഫ്.ബി.എ. വാർത്തകൾ ............... 32







നമ്മുടെ മാസികയുടെ അഡ്രസ്സ്

**'ആകാശപ്പറവകളുടെ കൂട്ടുകാർ'**

മാർവാലാഹ് ദയറ, മലയാറ്റൂർ പി. ഒ., എറണാകുളം, 683 587,

Phone 0484 2469009, 9656669271, 9947991831, E-mail:fbapublication@gmail.com

**മാർവാലാഹ് ദയറ, മലയാറ്റൂർ ആശ്രമം, ഫോൺ: Phone 0484 2283819**

**ആകാശപ്പറവകളുടെ കൂട്ടുകാർ മാസികയേക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുവാൻ ബന്ധപ്പെടുക**

## ബന്ധപ്പെടേണ്ട നമ്പർ: 9947991831


## എഡിറ്റോറിയൽ ബോർഡ്

**സ്പിരിച്വൽ ഫാദർ**
റവ. ഫാ. ജോർജ്ജ് കരിന്തോളിൽ M.C.B.S.

**ചീഫ് എഡിറ്റർ**
റവ. ഫാ. ജോർജ്ജ് കുറ്റിയ്ക്കൽ M.C.B.S.

**അസോസിയേറ്റ് എഡിറ്റർ**
റവ. ഫാ. മാത്യു തുണ്ടത്തിൽ M.C.B.S.

**ജനറൽ മാനേജർ**
ജോസഫ് കല്ലുംപുറത്ത്

**എഡിറ്റർ**
മാർട്ടിൻ ഡി. പോറസ് അപ്പൻ S.E.C.B.A.

**എഡിറ്റോറിയൽ ബോർഡ്**
സിസിലിയാമ്മ D.E.C.B.A.
ദേവസ്സി പൂണേലി
ഷെബിൻ മനയംപിള്ളി
ജോസഫുകുട്ടി ജോർജ്ജ്

**സദ്വാർത്താ ദൂതർ**

| | | |
|---|---|---|
| ഡെൽഹി | : | ജൂഡിത്താമ്മ |
| പഞ്ചാബ് | : | സേവ്യറമ്മ |
| ജമ്മു | : | പൗലോസ് അപ്പൻ |
| ഒറീസ്സാ | : | സഹനാമ്മ |
| ബീഹാർ | : | നിർഭയാമ്മ |
| ബാംഗ്ലൂർ | : | മിരിയാമമ്മ |
| ചെന്നൈ | : | ജെത്രൂദമ്മ |

**പുനരധിവാസ സദ്വാർത്താദൂതൻ**
ഗർവ്വാസീസപ്പൻ

**ഓഫീസ് അഡ്മിനിസ്ട്രേഷൻ**
പോളച്ചൻ ഇടശ്ശേരി

**ഓഫീസ് സ്റ്റാഫ്**
ഗ്രേസി ആന്റണി, ഫോൺ: 9656669271

**സർക്കുലേഷൻ മാനേജേഴ്സ്**
സണ്ണി പുതുശ്ശേരി
സണ്ണി പൂവത്താനിക്കൽ
അഗസ്റ്റിൻ വലിയപറമ്പിൽ
വർഗ്ഗീസ് തോട്ടപ്പുള്ളി
രാജനപ്പൻ നിരപ്പുവിളയിൽ

**ഫോട്ടോ ഗ്രാഫർ**
ഇഗ്നേഷ്യസപ്പൻ

**ലീഗൽ അഡ്വൈസർ**
അഡ്വ. ഫിലിപ്പ് ജോസഫ് പുത്തൻചിറയിൽ M.A., L.L.B.

**അഡ്വൈസറി ബോർഡ്**
ആമോസപ്പൻ
അപ്പച്ചൻ ചാച്ചൻ
ലാലി പുതുശ്ശേരി
ഏലീശ്വാമ്മ

**പേജ് ലേ ഔട്ട്**
ഷൈബു അഗസ്റ്റിൻ

**പ്രിന്റിംഗ്**
ഡിവൈൻ പ്രിന്റേഴ്സ്


**മാസിക വരിസംഖ്യ**

| | |
|---|---|
| ഒരു വർഷത്തേയ്ക്ക് | 150 രൂപ |
| അർദ്ധ വാർഷികം (6 മാസം) | 100 രൂപ |
| 2വർഷത്തേയ്ക്ക് | 275 രൂപ |
| 3 വർഷത്തേയ്ക്ക് | 400 രൂപ |
| 5 വർഷത്തേയ്ക്ക് | 600 രൂപ |
| ആയുഷ്ക്കാലം (15 വർഷം) | 2000 രൂപ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | 1500 രൂപ |



# നമ്മുടെ സ്വന്തം കുഞ്ഞുങ്ങൾ മരിച്ചോ....?!!!

**എഡിറ്റോറിയൽ**



**ആത്മീയ വസന്തത്തിലേയ്ക്കും ഫലസമൃദ്ധിയിലേയ്ക്കും നയിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് കുഞ്ഞുങ്ങളെ ഒരുക്കാതെയും പോകുമ്പോൾ,**

**നാ**യിമിലെ വിധവ കരഞ്ഞു. കാരണം ശവപ്പെട്ടിയിലാക്കിയ അവളുടെ സ്വന്തം പുത്രന്റെ ശവശരീരത്തിനു പിന്നാലെ അവൾ നടക്കുകയായിരുന്നു.

- ജയ്റോസ് കരഞ്ഞു. കാരണം, അയാളുടെ ജീവന്റെ ജീവനായ പുത്രി മരിച്ച് ശവമായി കട്ടിലിൽ കിടക്കുകയായിരുന്നു.

- സരപ്തായിലെ വിധവയും കരഞ്ഞുകൊണ്ട് പ്രവാചകന്റെ പക്കലെത്തി. എന്തെന്നാൽ അവളുടെ സ്വന്തം കുഞ്ഞും മരിച്ച് നിർജ്ജീവമായി കിടക്കയിലായിരുന്നു.

**'കരയുന്നവർ ഭാഗ്യവാന്മാർ'**

അദ്ധ്വാനിച്ച് ചോര നീരാക്കി, ഉറക്കമിളച്ചും, പട്ടിണി കിടന്നും കഠിന ഞെരുക്കങ്ങൾ അനുഭവിച്ചും മക്കളുടെ ഭൗതിക വളർച്ചയിൽ, പഠനത്തിൽ മാത്രം ശ്രദ്ധിക്കുമ്പോൾ **സ്വർഗ്ഗീയ മുന്തിരിത്തണ്ടായ ദിവ്യഈശോയുമായുള്ള ഹൃദയബന്ധം നഷ്ടപ്പെട്ടും. ദൈവപിതാവ് എത്രയോ നല്ലവനാണെന്ന് രുചിച്ചറിയാതെയും വരദാനഫലങ്ങളാൽ കുഞ്ഞു ജീവിതങ്ങളെ**

**ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും, എന്ന അവസ്ഥയിൽ അവരെത്തുന്നു.** ഈ സത്യം ആരും തിരിച്ചറിയാത്തതുകൊണ്ട് കരഞ്ഞു പ്രാർത്ഥിക്കുന്നുമില്ല.

**ചിറകറ്റ കുഞ്ഞുങ്ങൾ**

ചിത്രശലഭങ്ങളെപ്പോലെ പാറിപ്പറന്ന് ബാല്യത്തിന്റെ നിഷ്കളങ്കത ആഘോഷിക്കേണ്ട പ്രായത്തിൽ ഈയാംപാറ്റകളെപ്പോലെ നമ്മുടെ കുഞ്ഞുങ്ങൾ ഭക്ഷണാസക്തിയിലും ജഡികാസക്തിയിലും പണക്കൊതിയിലും സുഖലോലുപതയിലും കുഞ്ഞുചെറുപ്പത്തിലേ ഇന്റർനെറ്റ് വലയിലുംപെട്ട് ചിറകറ്റുപോകുന്ന ബാലകജീവിതങ്ങൾ!



**കുഞ്ഞുശവങ്ങളുടെ മുമ്പിൽ നിശ്ചേഷ്ടരായി**

മാതാപിതാക്കളുടെ പരസ്പരബന്ധത്തകർച്ചയും അയൽപക്കബന്ധത്തകർച്ചയും ചുറ്റുമുള്ള ദരിദ്ര ജീവിതങ്ങളോടുള്ള അകൽച്ചയും ഒന്നിച്ചു ചേരുമ്പോൾ, വേര് അഴുകിപ്പോയ കുഞ്ഞുചെടികൾ ഇളംകാറ്റത്തുപോലും മറിഞ്ഞു വീണ് ഉണങ്ങിപ്പോകുന്നതുപോലെ തകരുന്ന കുഞ്ഞുജീവിതങ്ങൾ. ലോകവും, ജഡവും, സാത്താനും ഒരുക്കുന്ന, കുത്തൊഴുക്കിലും ചുഴിയിലും പെട്ട് പൊന്നോമനകൾ അങ്ങകലെ എവിടെയോ മനസ്സുകൊണ്ടും ഹൃദയം കൊണ്ടും ആത്മാവുകൊണ്ടും പാപകരമായ സ്നേഹബന്ധങ്ങളുടെ തീരത്ത് ശവങ്ങളായി മാറിയത് തിരിച്ചറിയാത്ത മാതാപിതാക്കളും ബന്ധുക്കളും സ്വന്തപ്പെട്ടവരും!

**നെടുവീർപ്പിടുന്ന ഈശോ, രക്തക്കണ്ണീരൊഴുക്കുന്നു.....**

തകർന്നടിഞ്ഞ ബാല്യങ്ങളുടെ ശവക്കല്ലറകൾക്കുള്ളിൽ കിടന്നുകൊണ്ട് ദിവ്യ ഈശോ ഉയിർപ്പിനായി നെടുവീർപ്പിടുകയാണ്.

ആ ശവക്കല്ലറകളുടെ സമീപത്തുനിന്നും മാറാതെ പരിശുദ്ധമറിയം, കുഞ്ഞുങ്ങളുടെ പ്രിയപ്പെട്ട അമ്മ, നെടുവീർപ്പിടുകയും നിലവിളിക്കുകയുമാണ്. അവളൊഴുക്കുന്നത് കണ്ണീരാണ്; അല്ല, രക്തക്കണ്ണീരാണ്. അവളുടെ കണ്ണുനീർ പുഴയായി ഒഴുകിയിട്ടും അത് ശ്രദ്ധിക്കാത്ത അനേകം മാതാപിതാക്കളും സ്വന്തപ്പെട്ടവരും വിഡ്ഢികളുടെ ത്രിശങ്കു സ്വർഗ്ഗത്തിലാണ്.

**ദൈവപിതാവിന്റെ നിലവിളി**

അങ്ങകലെയും വളരെയടുത്തും നമ്മളോരോരുത്തരുടേയും ഹൃദയത്തിലും ഒരു നിലവിളി ഉയരുന്നില്ലേ? ശാന്തമായി കാതോർക്കൂ. അത് ദൈവപിതാവിന്റേതാണ്. ആ പിതാവ്, നിലവിളിച്ചുകൊണ്ട് ചോദിക്കുകയാണ്: "ആരെനിക്കായി പോകും? ആരെ ഞാനയയ്ക്കും"

നമ്മുടെ സ്വന്തമായ സ്വർഗ്ഗീയപിതാവിന്റെ ദീനരോദനത്തിന് പ്രത്യുത്തരമായി, "ഇതാ ഞാൻ, എന്നെ അയച്ചാലും." എന്ന് സഹോദരാ, സഹോദരീ, നീ മറുപടി പറയുമോ?

**ഉണ്ണീശോ നിലവിളിക്കുന്നു**

ആ വാവിട്ടു നിലവിളിക്കുന്നതാരാണ്....? നിന്റെ പ്രിയപ്പെട്ട ഉണ്ണീശോ അല്ലേ! വിമ്മിവിമ്മിക്കരഞ്ഞുകൊണ്ട് അവൻ പറയുന്നു "ശിശുക്കൾ എന്റെ അടുത്തു വരുവാൻ അനുവദിക്കുവിൻ അവരെ തടയരുത്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരെപ്പോലുള്ളവരുടേതാണ്" (മർക്കോ. 10:14). മകനേ, മകളേ ഉണ്ണീശോയ്ക്ക് പ്രത്യുത്തരം നൽകാൻ നീ അല്ലാതെ ദിവ്യ ഈശോയ്ക്ക് വേറെ ആരുണ്ട്?

**നാലുപാടും ചിറകടിച്ച്**

സ്വർഗ്ഗീയ രാജാളിയായ പരിശുദ്ധാത്മാവ് മൃതപ്രായരായ ഈ കുഞ്ഞുങ്ങളെ നോക്കി അവരെ രക്ഷിക്കുവാനൊരു മാർഗ്ഗം അന്വേഷിച്ചുകൊണ്ട് നാലുപാടും ചിറകടിച്ച് പറക്കുകയാണ്.

ദൈവപിതാവിന്റെ അതിരറ്റ സ്നേഹവും പുത്രനായ ഉണ്ണീശോയുടെ അതിതീവ്രമായ ഹൃദയനൊമ്പരവും തന്നിലേറ്റുവാങ്ങിയ പരിശുദ്ധാത്മാവിന് എങ്ങിനെ സ്വസ്ഥമായി ഇരിക്കാൻ പറ്റും...?

**വ്യാജസ്വസ്ഥത .....?!**

നമ്മുടെ വ്യാജവും കപടവുമായ സ്വസ്ഥതയെല്ലാം പരിശുദ്ധാത്മാവ് എടുത്തു നീക്കട്ടെ.

**വി. പൗലോസിനോടൊപ്പം**

കുഞ്ഞുങ്ങൾക്ക് സുവിശേഷം അവർക്ക് മനസ്സിലാകുന്ന രീതിയിൽ കൊടുത്തില്ലെങ്കിൽ ''എനിക്ക് ശാപം'' എന്ന് പറയുവാൻ വി. പൗലോസിൽ പ്രവർത്തിച്ച ദൈവാത്മാവ് നമ്മെയും ദൈവസ്നേഹചിന്തകൊണ്ടും, പരസ്നേഹചിന്തകൊണ്ടും അസ്വസ്ഥരാക്കട്ടെ.

**വി. ഫ്രാൻസീസ് സേവ്യറിന്റെ കൂടെ**

"എനിക്ക് കുഞ്ഞുങ്ങളുടെ കുഞ്ഞാത്മാക്കളെ തരിക. ബാക്കിയെല്ലാം എടുത്തുകൊള്ളുക" എന്ന് വിശുദ്ധ ഫ്രാൻസീസ് സേവ്യറെന്ന ആ മഹാമിഷനറിയുടെ വലിയ മദ്ധ്യസ്ഥത്താൽ വിളിച്ചു പറയാം:

**വാ. ജോസഫ് വാസിനോട് ചേർന്നു**

ഗോവയിലെ സംകോളയിൽ ജനിച്ച് പ്രേഷിത തീഷ്ണതയിൽ ഉണർന്നും രക്തസാക്ഷിത്വ സന്നദ്ധതയിൽ വളർന്നും ശ്രീലങ്കയുടെ അപ്പസ്തോലനായി തീർന്ന ഭാരതമണ്ണിന്റെ വിശ്വോത്തര പ്രേഷിതൻ നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനും മാതൃകയുമായി നമ്മോടൊപ്പം ഉണ്ടാകട്ടെ.

**ദിവ്യകാരുണ്യ ബാലക ധ്യാനങ്ങൾ**

രണ്ടായിരത്തിപന്ത്രണ്ട് ഏപ്രിൽ മാസം 14 മുതൽ 19 വരെ **ചാലക്കുടി കനകമല പ്രത്യാശാ മുനമ്പിൽ** വച്ചും, ഏപ്രിൽ മാസം 22 മുതൽ 27 വരെ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് **അമ്പലത്തറ മൂന്നാം മൈലിലുള്ള സ്നേഹാലയത്തിൽ** വച്ചും നടത്തപ്പെടുന്ന ദിവ്യകാരുണ്യ ബാലകധ്യാനത്തിലേയ്ക്ക് കുഞ്ഞുങ്ങളെ വലിയ സ്നേഹത്തോടെ കൂട്ടിക്കൊണ്ട് വരുവാൻ നാം ഏവരേയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് അഭിഷേകം ചെയ്യട്ടെ. തിരുസ്സഭ, ആഗോളതലത്തിൽ നവസുവിശേഷീകരണ സിനഡും, സീറോ മലബാർ സഭ പ്രേഷിത വർഷവുമായി ആചരിക്കുന്ന ഇക്കൊല്ലം ആഗോളസഭയോടു ചേർന്ന് ശൈലിയിൽ പുതിയതും തീഷ്ണതയിൽ നവ്യവും പ്രകാശനങ്ങളിൽ പുതിയതുമായ ദിവ്യകാരുണ്യബാലക ധ്യാനം വലിയ വിജയമായിത്തീരുവാൻ നിങ്ങളുടെ പ്രാർഥനയും സഹനവും പരിത്യാഗവും ആത്മവിശുദ്ധീകരണവും കാഴ്ചവച്ചും അതിനായി അനേകരെ പ്രേരിപ്പിച്ചും സൈന്യങ്ങളുടെ കർത്താവിനെക്കുറിച്ചുള്ള തീഷ്ണതയാലും



കർത്താവിന്റെ മൗതികശരീരമായ തിരുസ്സഭയോടുള്ള സ്നേഹത്താലും ജ്വലിച്ച് ഉയരുവാനും സകല രക്തസാക്ഷികളുടേയും മരുഭൂമിയിലെ താപസവിശുദ്ധരുടേയും എല്ലാ പുണ്യവാന്മാരുടേയും മാലാഖമാരുടേയും മദ്ധ്യസ്ഥവും സ്നേഹവും കൂട്ടായ്മയും നമ്മോടൊപ്പം ഉണ്ടാകട്ടെ!

തിരുസഭാമാതാവിന്റെ ദിവ്യകാരുണ്യ മടിത്തട്ടിൽ ഇരുന്നുകൊണ്ട്

**എഡിറ്റോറിയൽ ബോർഡിനു വേണ്ടി**

ഫാ. ജോർജ്ജ് കുറ്റിക്കൽ MCBS
ഫാ. മാത്യു തുണ്ടത്തിൽ MCBS
മാർട്ടിൻ ഡി പോറസപ്പൻ SECBA
ജോസഫ് വാസപ്പൻ SECBA
സിസിലിയാമ്മ DECBA



# ഉയിർപ്പിക്കാതെ ഉയിർപ്പാചരണമോ...???



ഫാ. മാത്യു തുണ്ടത്തിൽ MCBS

**കർത്താവിന് ഒരു ദിനമുണ്ട്. അഹന്തയും ഉന്നതഭാവവും ഉള്ള എല്ലാറ്റിനും എതിരായ ദിനം (ഏശ. 2:12).**

**നിന്റെ ചിന്ത ദൈവീകമോ?**

യേശു ശിഷ്യന്മാരെ തന്റെ പീഡാസഹന മരണ ഉത്ഥാനത്തിനായിട്ട് ഒരുക്കിയത് പീഡാസഹനമരണഉത്ഥാനത്തെക്കുറിച്ചുള്ള പ്രവചനങ്ങളിലൂടെയാണ്. മത്തായിയുടെ സുവിശേഷം പതിനാറാം അദ്ധ്യായം 21 മുതലുള്ള തിരുവചനങ്ങളിൽ ഈശോ തന്റെ പീഢാസഹന മരണ ഉത്ഥാന രഹസ്യം വെളിപ്പെടുത്തിയപ്പോൾ പത്രോസ് യേശുവിനെ മാറ്റി നിർത്തി തടസ്സം പറയുന്നതായി നാം കാണുന്ന സഹനങ്ങൾ ഇല്ലാതെയുള്ള ഉത്ഥാനത്തെക്കുറിച്ച് പറഞ്ഞ പത്രോസിനോട് യേശു പറഞ്ഞത് നിന്റെ ചിന്ത ദൈവീകമല്ല മാനുഷികമാണ് എന്നാണ്.

**മരണോത്ഥാനത്തിനായി ഒരുക്കപ്പെട്ടോ...?**

മത്തായിയുടെ സുവിശേഷം 17: 22 മുതൽ 23 വരെയുള്ള തിരുവചനങ്ങളിൽ ഈശോ തന്റെ പീഢാസഹനത്തെക്കുറിച്ചുള്ള രണ്ടാം പ്രവചനം നടത്തിക്കഴിയുമ്പോഴും, വചനം പറയുന്നു ശിഷ്യന്മാർ അതീവ ദുഃഖിതരായിരുന്നു എന്ന് (17:23) അവർക്ക് അപ്പോഴും ക്രിസ്തുവിന്റെ ഉത്ഥാനം മനസ്സിലാകാത്ത ഒന്നായിരുന്നു. അതുകൊണ്ട്തന്നെ അവർ ആലോചിച്ചു കൊണ്ടിരുന്നത് സ്വർഗ്ഗരാജ്യത്തിലെ വലിയവൻ ആരെന്നായിരുന്നു. ഈശോ തന്റെ പീഢാനുഭവത്തെക്കുറിച്ചുള്ള മൂന്നാം പ്രവ

ചനം (20:17-19) നടത്തിക്കഴിയുമ്പോഴും ശിഷ്യന്മാർ ഒന്നും മനസ്സിലാകാത്തവരായിരുന്നു. അതുകൊണ്ടാണ് സെബദീപുത്രന്മാർ തന്റെ അമ്മയെയും കൂട്ടിക്കൊണ്ട് വന്ന് ഈശോയോട് ചോദിക്കുന്നത്. നീ രാജാവാകുമ്പോൾ നിന്റെ ഇടതുവശത്തും വലതുവശത്തും ഇരിക്കാൻ വരം തരണമെന്ന്.

**ക്ഷമയുടേയും, ഉദാത്തതയുടേയും, കൃപ നേടിയാൽ മാത്രമേ, നമുക്ക് ഉത്ഥാനജീവിതം ആഘോഷിക്കാൻ പറ്റുകയുള്ളൂ.**

ശിഷ്യരുടെ ഈ മനോഭാവം നമ്മുടെ ലോകത്തിന്റെ ഭൗതീകതയെ നമുക്ക് മുമ്പിൽ കാണിച്ചു തരുന്നു. നാമും പലപ്പോഴും ഇതുപോലെയുള്ള മനോഭാവങ്ങളാണ് ഉയർത്തിപ്പിടിക്കുന്നത്. ഈ മൂന്ന് പ്രവചനങ്ങളിലൂടെ ഈശോ ശിഷ്യന്മാരുടെ ജീവിതത്തെ എപ്രകാരം ഒരുക്കുവാൻ ആഗ്രഹിക്കുന്നുവോ അപ്രകാരം നാമും ഈശോയുടെ പീഡാസഹനമരണഉത്ഥാന ആഘോഷത്തിനായി ഒരുങ്ങണമെന്ന് ഈശോ പഠിപ്പിക്കുകയാണ്.

### ശുശ്രൂഷാ മനോഭാവത്തിൽ വളർന്നോ?

പിന്നീട് ഈശോ ജറൂസലേമിലേയ്ക്ക് നടത്തുന്ന രാജകീയ പ്രവേശനം നമുക്ക് കാണുവാൻ സാധിക്കും. കഴുതപ്പുറത്ത് യേശു ജനമദ്ധ്യത്തിലേയ്ക്ക് കടന്നു വരുന്നു. തുടർന്ന് ഈശോ പെസഹാ തിരുനാളിൽ തന്റെ ശിഷ്യന്മാരോട് കൂടെ ഇരുന്ന് പെസഹാ ആചരിക്കുകയും ശിഷ്യരുടെ പാദങ്ങൾ കഴുകുകയും ചെയ്യുന്നു. ഇവിടെ ഗുരു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് മാതൃക കാണിക്കുന്നു. തുടർന്ന് അവിടുന്ന് ശിഷ്യരെ പഠിപ്പിച്ചു. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം (യോഹ. 13:14).

### ഉദാരതയിലും ക്ഷമയിലും വളർന്ന്....

ഈശോ നമ്മോട് തന്റെ ഉത്ഥാനത്തിനായിട്ട് ഒരുങ്ങാൻ പറയുന്നത് ശിഷ്യത്വത്തിന്റെ പാതയിലൂടെയാണ്. അഹങ്കാരത്തിൽ നിന്നും അതുപോലെയുള്ള മൂലപാപങ്ങളിൽ നിന്നും മോചനം നേടിക്കൊണ്ടുള്ള ഉത്ഥാന രഹസ്യത്തിലേയ്ക്കാണ് ഈശോ നമ്മെ ക്ഷണിക്കുന്നത്. ക്ഷമയുടേയും, ഉദാത്തതയുടേയും, കൃപ നേടിയാൽ മാത്രമേ, നമുക്ക് ഉത്ഥാന ജീവിതം ആഘോഷിക്കാൻ പറ്റുകയുള്ളൂ. എന്നാൽ ശിഷ്യന്മാർക്ക് യേശുവിന്റെ ഈ



ആഹ്വാനം സ്വീകരിക്കുവാൻ, മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. പത്രോസ് പറഞ്ഞു. നീ ഒരിക്കലും എന്റെ പാദം കഴുകരുത്. മൂല പാപങ്ങളിൽ നിന്ന് അകന്നു കൊണ്ടുള്ള ഒരു ആന്തരീക പരിവർത്തനമാണ് ഈശോ നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത്.

**പ്രാർത്ഥിച്ചു ശക്തരായി....**

യേശു പീഢാസഹനത്തിന് തന്നെത്തന്നെ ഒരുക്കിയ അതേ വഴിയിലൂടെ ശിഷ്യന്മാരെയും കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് പീഢാനുഭവത്തെക്കുറിച്ച് ഈശോ അവർക്ക് വെളിപ്പെടുത്തിയത്. ഇപ്രകാരമെല്ലാം ഒരുക്കിയതിന് ശേഷം യേശു അവരെ കൊണ്ട് ചെന്ന് എത്തിക്കുന്നത്. പ്രാർത്ഥിച്ച് ഒരുങ്ങുവാനാണ്. എന്നാൽ ഈശോ ആഗ്രഹിക്കുന്നത് ഈ ഒരുക്കം ശിഷ്യരുടെ ജീവിതത്തിലും ഇന്ന് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നില്ല.

**വിടുതൽ നേടാതെ പെസഹാ ആചരണമോ....?**

നമ്മുടെ ആഘോഷങ്ങൾ പലപ്പോഴും ദുഃഖവെള്ളിയാഴ്ചയിലെ ഒരു നേരത്തെ ഉപവാസത്തിലും പെസഹാ തിരുനാളിലെ അപ്പം മുറിയ്ക്കലിലും ഉയിർപ്പു തിരുനാളിലെ ഭക്ഷണത്തിന്റെ ആഘോഷത്തിലോ ഒതുങ്ങി നിൽക്കുന്നു. ഈശോ നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് ഇങ്ങനെ ഒരു ഒരുക്കമല്ല. മൂലപാപങ്ങളിൽ നിന്നുള്ള മോചനം തേടിയുള്ള ഒരു ആചരണമാണ്.

**വിമോചിതരാകാതെ..**

തിരുവചനം ഇപ്രകാരം പറയുന്നു നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ. നിങ്ങളുടെ ദുഷ്ക്കർമ്മങ്ങൾ എന്റെ സന്നിദ്ധിയിൽ നിന്ന് നീക്കിക്കളയുവിൻ നിങ്ങളുടെ അകൃത്യങ്ങൾ അവസാനിപ്പിക്കുവിൻ. നന്മ പ്രവർത്തിക്കുവാൻ ശീലിക്കുവിൻ. നീതി അന്വേഷിക്കുവിൻ. മർദ്ദനം അവസാനിപ്പിക്കുവിൻ. അനാഥരോട് നീതി ചെയ്യുവിൻ. വിധവകൾക്ക് വേണ്ടി വാദിക്കുവിൻ (ഏശ. 1:16-17).

ഞാൻ ഉത്ഥാനം ആഘോഷിക്കുന്നതുപോലെ എന്റെ അയൽക്കാരും എന്റെ സമൂഹവും ലോകം മുഴുവനും ഉത്ഥാനം ആഘോഷിക്കുമ്പോൾ മാത്രമേ ഉത്ഥാന ചൈതന്യം എന്നിൽ പൂർണ്ണമാവുന്നുള്ളൂ.

എന്റെ ജീവിതത്തിലായാലും, ഇടവകയിലായാലും, ഏറ്റവും പാവപ്പെട്ടവന്റെ ജീവിതത്തിലേയ്ക്ക്, അവന്റെ ഭക്ഷണ മേശയിലേയ്ക്ക് എന്റെ ഓഹരി ഞാൻ പങ്കുവയ്ക്കുമ്പോഴാണ് ഉത്ഥാനം എനിക്കും മറ്റുള്ളവർക്കും ഒരു ആഘോഷമായി മാറുന്നത്.

ഈശോയുടെ പെസഹാ രഹസ്യങ്ങൾക്ക് ഒരുങ്ങാനായി നമുക്ക് ലഭിച്ചിരിക്കുന്ന അവസരങ്ങൾ നാം പൂർണ്ണമായി വിശ്വസ്തതയോടെ വിനിയോഗിച്ചില്ലെങ്കിൽ യൂദാസിന് സംഭവിച്ച ദുരന്തം നമുക്കും സംഭവിക്കാവുന്നതാണ്.


## ദിവ്യകാരുണ്യപ്രത്യാശാജീവിത പരിശീലനധ്യാനം



നിരാശയിൽ കുതിർന്ന്, ആത്മഹത്യയെന്ന കൊടും ക്രൂരതയുടെ പിടിയിലമർന്നു പോകാൻ ഒരുമ്പെടുന്ന ജീവിതങ്ങൾക്ക് പ്രത്യാശയുടെ കെടാവിളക്കുമായി ഇതാ, **ദിവ്യകാരുണ്യപ്രത്യാശാജീവിത പരിശീലന ധ്യാനം.**

**എല്ലാ മാസവും 14 മുതൽ 21 വരെ**

കൂടുതൽ വിവരങ്ങൾക്ക്
**ഡയറക്ടർ, പ്രത്യാശാമുനമ്പ്, കൊടകര,**
**കനകമല പി.ഒ., 680 689, ചാലക്കുടി വഴി, തൃശ്ശൂർ**
**ഫോൺ: 0480 2720889**



# നീ വിതയ്ക്കാത്തത് എങ്ങിനെ കൊയ്യും?



മാർട്ടിൻ ഡി പോറസ് SECBA

**ന**മ്മുടെ മക്കളിൽ ആത്മീയതയുടെ വിത്ത് ചെറുപ്പത്തിലേ വിതച്ചില്ലെങ്കിൽ ഭാവിയിൽ അവരിൽ നിന്നും നല്ല ഫലങ്ങൾ പ്രതീക്ഷിച്ചിട്ടു കാര്യമില്ല. ഇന്ന് കുടുംബങ്ങളിൽ കാണുന്ന ഓരോ തകർച്ചയ്ക്കും കാരണം മാതാപിതാക്കൾ മക്കളെ ആത്മീയതയിലേയ്ക്ക് കൈപിടിച്ചു നടത്താൻ താല്പര്യം കാണിക്കാത്തതാണ്. ഇന്ന്, ഒരു കുടുംബത്തിൽ കുഞ്ഞു പിറന്നാൽ ആ കുഞ്ഞിന്റെ ഭൗതീകമായ വളർച്ചയ്ക്കാണ് മാതാപിതാക്കൾ കൂടുതൽ പ്രാധാന്യം കൊടുക്കുന്നത്. കുഞ്ഞിന്റെ ആത്മീയ വളർച്ചയിൽ പലപ്പോഴും ശ്രദ്ധ വയ്ക്കുന്നില്ല. കുട്ടിയ്ക്ക് മൂന്നു വയസ്സാകുമ്പോഴേ യു.കെ.ജിയിൽ ചേർക്കും. അവിടം മുതൽ മുകളിലേയ്ക്ക് എത്രമാത്രം പഠിപ്പിക്കാൻ സാധിക്കുമോ അത്രമാത്രം പഠിപ്പിക്കും. പിന്നീട്, നല്ലൊരു ജോലിക്കുവേണ്ടി എത്രമാത്രം പണം മുടക്കാനും അവർ തയ്യാറാകും. ഇങ്ങനെ ഭൗതീകമായ ഉയർച്ചയും നേട്ടങ്ങളും മാത്രം ലക്ഷ്യം വച്ച് മക്കളെ വളർത്തു

മ്പോൾ അവരിൽ നിന്നും മാതാപിതാക്കൾക്ക് തിരികെ കിട്ടുന്നത് അവഗണനയും അവജ്ഞയും മാത്രമായിരിക്കും. മക്കൾ പ്രായപൂർത്തിയായതിനു ശേഷം വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ വേണ്ടത്ര ആത്മീയവളർച്ച നേടിയിട്ടില്ലാത്തതിനാൽ പരസ്പര ധാരണയിലും സ്നേഹത്തിലും ഐക്യത്തിലും ദൈവാശ്രയ ബോധത്തിലും മുന്നോട്ടു പോകേണ്ട കുടുംബജീവിതം അവർക്ക് ദുഷ്ക്കരമായിത്തീരും. ദൈവത്തിന്റെ കൃപ ഒഴുകുന്നില്ലെങ്കിൽ സമാധാനപൂർണ്ണവും സന്തോഷപ്രദവുമായ ഒരു കുടുംബജീവിതം എളുപ്പമായിരിക്കില്ല. അങ്ങനെ, തകർന്നടിഞ്ഞതും ഫലം കായ്ക്കാത്തതുമായ ജീവിതമായിരിക്കും അവർ നയിക്കുന്നത്. പരസ്പരം സ്നേഹിച്ചും, ക്ഷമിച്ചും ഭാരങ്ങൾ വഹിച്ചും ഒരുമിച്ചു ജീവിക്കാൻ ഇന്നത്തെ തലമുറയ്ക്ക് പലപ്പോഴും സാധിക്കുന്നില്ല. മാതാപിതാക്കളിൽ നിന്ന് ലഭിക്കേണ്ട ആത്മീയതയുടെ കുറവുകൊണ്ടാണ് പലപ്പോഴും മക്കളുടെ കുടുംബബന്ധങ്ങൾ തകരുന്നത്. ഭാര്യയ്ക്ക് ഭർത്താവിനെയും ഭർത്താവിന് ഭാര്യയേയും ഉൾക്കൊള്ളാൻ സാധിക്കുന്നില്ല; ഭാര്യയ്ക്ക് ഭർത്താവിന്റെ മാതാപിതാക്കളെ സ്നേഹിക്കാൻ സാധിക്കുന്നില്ല. ഭാര്യാ - ഭർതൃ ബന്ധത്തിൽ വിള്ളലുകൾ ഉണ്ടാകുന്നു. അവസാനം വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്യുന്നു.



**എന്നും രാവിലെ.....**

ഒരു മുപ്പത് വർഷം മുമ്പ് എന്നും രാവിലെ പള്ളിയിൽ പോയാൽ കുട്ടികളുടെ ഒരു നിര തന്നെ കാണാമായിരുന്നു. അന്നത്തെ മാതാപിതാക്കൾ മക്കളിൽ നിന്ന് ഭൗതീക വളർച്ചയേക്കാൾ ആത്മീയ വളർച്ചയാണ് ആഗ്രഹിച്ചിരുന്നത്. അതിന്റെ ഫലം ആ കുടുംബാന്തരീക്ഷത്തിൽ നിറഞ്ഞു നിന്നിരുന്നു. വീടുകളിൽ എന്നും സന്ധ്യയ്ക്ക് ജപമാല ചൊല്ലുന്ന പതിവ് അന്നത്തെ തലമുറയുടെ ആത്മീയ വളർച്ചയിൽ ഏറെ സഹായകരമായിരുന്നു. കുട്ടികളെ ഇടവകയിലെ വിവിധ സംഘടനയിൽ ചേർക്കാൻ അന്നത്തെ മാതാപിതാക്കൾ തല്പരരായിരുന്നു. അതുകൊണ്ട് അന്നത്തെ കുടുംബങ്ങളിൽ ഒരു ദൈവീക ചൈതന്യം നിറഞ്ഞു നിന്നിരുന്നു. അന്ന് കുട്ടികൾ മാതാപിതാക്കളെ ബഹുമാനിച്ചിരുന്നു. കുടുംബത്തിൽ നന്മയുടെ ഫലങ്ങൾ വിളഞ്ഞിരുന്നു. കുടുംബങ്ങളിൽ മാതാപിതാക്കളും മക്കളും തമ്മിൽ ഒരു ഹൃദയബന്ധം ഉണ്ടായിരുന്നു. പക്ഷേ ഇന്ന് മിക്കവാറും മാതാപിതാക്കൾ മക്കളിൽ നിന്ന് അവരുടെ ഭൗതീക വളർച്ചയാണ് ആഗ്രഹിക്കുന്നത്. അതുകൊണ്ട് അവർ ഭൗതീക വളർച്ചയിൽ മുന്നിട്ടു നിൽക്കുന്നു. യോഹ. 15:4-5 നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും .മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല. ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. നമ്മൾ ഈശോയോടു ചേർന്നു നിന്നുകൊണ്ടു വേണം ഓരോ കാര്യങ്ങളും ചെയ്യുവാൻ.



### ഭൗതീക വളർച്ചയ്ക്കോ.... ആത്മീയ വളർച്ചയ്ക്കോ....?

ഈ കാലഘട്ടത്തിൽ നാം ഭൗതിക വളർച്ചയ്ക്ക് പ്രാധാന്യം കൊടുക്കുന്നതു കൊണ്ട് ലോകത്തിന്റെ അരൂപി നമ്മെ നയിക്കുന്നു. അതിന്റേതായിട്ടുള്ള തകർച്ചയും നമ്മൾ കാണുന്നുണ്ട്. മാതാപിതാക്കൾ തമ്മിൽ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും സ്നേഹമില്ല. തന്മൂലം കുടുംബസമാധാനമില്ല, അയൽവീടുകൾ തമ്മിലും കലഹങ്ങൾ ഉണ്ടാകുന്നു. സഹോദരബന്ധങ്ങൾ തകരുന്നു, മക്കൾ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിത്തീരുന്നു. കുട്ടികൾ ഭാവിയിൽ പ്രക്ഷോഭകാരികളായിമാറുന്നു, വിവാഹ മോചനം വർദ്ധിക്കുന്നു. കുടുംബങ്ങളിൽ കുടുംബപ്രാർത്ഥന ഇല്ലാതായിത്തീരുന്നു. പ്രായമായ മാതാപിതാക്കളെ നോക്കാൻ മക്കൾക്ക് താല്പര്യമില്ല. അവസാനം കുടുംബവുമായി യാതൊരു ബന്ധവുമില്ലാത്തവരെപ്പോലെ മക്കൾ മാതാപിതാക്കളെ അനാഥകേന്ദ്രങ്ങളിൽ സംരക്ഷണത്തിനായി ഏൽപ്പിക്കുന്നു. ഇതാണ് ഇന്നത്തെ ക്രൈസ്തവ കുടുംബത്തിന്റെ അവസ്ഥ. ദൈവത്തേക്കാൾ കൂടുതൽ നാം ലോകത്തെ സ്നേഹിച്ചപ്പോൾ ലോകാരൂപി നമുക്ക് തിരിച്ചുനൽകിയവയാണ് ഇതെല്ലാം.

### ദൈവീക ജ്ഞാനത്തിലല്ലേ....?

1 കോറി 3:18-19 ഇപ്രകാരം പറയുന്നു “ആരും ആത്മ വഞ്ചന ചെയ്യാതിരിക്കട്ടെ ഈ ലോകത്തിൽ ജ്ഞാനിയെന്നു വിചാരിക്കുന്നവൻ യഥാർത്ഥ ജ്ഞാനിയാകേണ്ടതിന് തന്നെത്തന്നെ ഭോഷനാക്കട്ടെ. എന്തെന്നാൽ ഈ ലോകത്തിന്റെ വിജ്ഞാനം ദൈവത്തിന് ഭോഷത്തമാണ്.” ഓരോ ക്രൈസ്തവനും ഈ ലോകത്തിന്റേതായ ജ്ഞാനത്തിനോ പ്രശസ്തിയ്ക്കോ ഒരിക്കലും പ്രാധാന്യം കൊടുക്കരുതെന്ന് കർത്താവ് നമ്മെ പഠിപ്പിക്കുന്നു. കാരണം, ഈ ലോകത്തിന്റെ ജ്ഞാനം ദൈവത്തിന് ഭോഷത്തമാണ്. നാം ദൈവമക്കളായതുകൊണ്ട് ദൈവത്തിന്റെ ജ്ഞാനത്തിനാണ്

### ഈശോയ്ക്കാണോ.....?

നമ്മളോരോരുത്തരും ഈശോയുടെ മക്കളാണെങ്കിൽ, ജീവിതത്തിൽ ഒന്നാം സ്ഥാനം ഈശോയ്ക്ക് തന്നെ കൊടുക്കണം. അപ്പോൾ ഈശോ കുടുംബങ്ങളിൽ നാഥനായി വസിക്കും. അതിന്റെ ഫലമായി നമ്മുടെ കുടുംബങ്ങളിൽ ദൈവീക സന്തോഷം നിലനിൽക്കും. ഓരോരുത്തരും ദൈവാരാധകരും, മാതാപിതാക്കളേയും സഹോദരങ്ങളേയും അയൽവാസികളേയും അദ്ധ്യാപകരേയും സ്നേഹിക്കുന്നവരും ബഹുമാനിക്കുന്നവരും ആകും. കൂടാതെ സന്ധ്യാപ്രാർത്ഥനയിൽ പങ്കുചേരുന്നവരും ദൈവവും വിശുദ്ധരുമായി ഗാഢബന്ധമുള്ളവരായും മാറും. ഇങ്ങനെയുള്ള മക്കൾക്ക് ദൈവം പഠിക്കാനുള്ള ബുദ്ധിയും മറ്റു കഴിവുകളും നൽകും. അവർ പ്രായമായ തങ്ങളുടെ മാതാപിതാക്കളെ ശുശ്രൂഷിക്കുന്നതിൽ തൽപരരാകും. മറിച്ച് നമ്മൾ ഭൗതീക കാര്യങ്ങൾക്കാണ് മുൻഗണന കൊടുക്കുന്നതെങ്കിൽ അവിടെ ദൈവത്തിന് സ്ഥാനമില്ല. ലോകത്തിനാണ് അവിടെ സ്ഥാനമുള്ളത്. ക്രൈസ്തവരായ നമ്മൾ ഹൃദയം കൊണ്ടും മനസ്സുകൊണ്ടും ദൈവത്തിനാണ് ഒന്നാം സ്ഥാനം നൽകുന്നതെങ്കിൽ ദൈവം നമ്മെ നയിക്കും. മറിച്ചാണെങ്കിൽ ലോകത്തിന്റെ അരൂപിയായ സാത്താനും. ആ അരൂപി നമ്മെ നയിക്കുന്നത് കഷ്ടമല്ലേ?

പ്രാധാന്യം കൊടുക്കേണ്ടത്. അതിലാണ് വളർന്നു വരേണ്ടത്. അതുകൊണ്ട്, നഷ്ടപ്പെട്ട ദൈവകൃപ തിരിച്ചു ലഭിക്കാനായി നമുക്ക് പ്രാർത്ഥിക്കാം. ഇപ്രകാരം ദൈവത്തിന് ഒന്നാംസ്ഥാനം കൊടുത്തു കഴിയുമ്പോൾ നമ്മെ നയിക്കുന്നത് ദൈവാരൂപിയായിരിക്കും. അങ്ങനെ നമ്മുടെ കുടുംബങ്ങളിൽ ദൈവസമാധാനവും ദൈവസ്നേഹവും നിറഞ്ഞു നിൽക്കും. മക്കളിൽ ദൈവാഭിമുഖ്യമുണ്ടാക്കും; ദൈവവും വിശുദ്ധരുമായിട്ടുമുള്ള ബന്ധങ്ങൾ അവരിൽ ജനിക്കും, അതുവഴി ദൈവത്തെ അനുഭവിച്ചറിയാൻ അവർക്ക് സാധിക്കും. എത്ര വലിയ പ്രതികൂലസാഹചര്യങ്ങൾ ഉണ്ടായാലും അതിനെ തരണം ചെയ്യാൻ ദൈവത്തിന്റെ കൃപ വഴി അവർക്ക് സാധ്യമാകും.



**കർത്താവിനും, പരിശുദ്ധ അമ്മയ്ക്കും, വിശുദ്ധർക്കും....**

ഞാൻ എന്റെ വ്യക്തിപരമായ ജീവിതത്തിൽ ചെറുപ്പം മുതലേ ദൈവത്തിന് ഒന്നാം സ്ഥാനം കൊടുത്തതുവഴി ദൈവവുമായി ഒരു ഹൃദയബന്ധത്തിൽ വളരുവാൻ എനിക്കിടയായി. പരിശുദ്ധ അമ്മയുമായും വിശുദ്ധരുമായും എനിക്ക് വലിയ സ്നേഹബന്ധം ഉണ്ട്. അതുകൊണ്ട്, എത്ര വലിയ പ്രതികൂല സാഹചര്യങ്ങളിലും അവിടുത്തെ കരം എന്നോടൊപ്പം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ വ്യക്തിപരമായ ജീവിതത്തിൽ പല പ്രാവശ്യം പ്രതികൂലങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. അപ്പോഴെല്ലാം ദൈവത്തിന്റെ സഹായം അനുഭവിച്ചറിയാനും ഇടയായിട്ടുണ്ട്. ഒരു സംഭവം ഞാനോർക്കുകയാണ്. രണ്ടായിരത്തിയഞ്ചിലാണത്. അന്ന് ആകാശപ്പറവകളുടെ മാസികയുടെ ഓഫീസ് കാഞ്ഞങ്ങാടായിരുന്നു. കാഞ്ഞങ്ങാട്ട് നിന്ന് വണ്ടിക്ക് വന്നിട്ടു വേണം ചാലക്കുടി ഡിവൈനിൽ നിന്ന് മാസിക എടുക്കുവാൻ. രണ്ടായിരത്തിയഞ്ച് മാർച്ച് മാസം കാഞ്ഞങ്ങാട് സ്നേഹാലയത്തിൽ നിന്ന് അവിടുത്തെ ജീപ്പിൽ മാസിക എടുക്കുവാനായി പോകാൻ തീരുമാനിച്ചു. അന്ന് എനിക്ക് ഡ്രൈവിംഗ് അറിയില്ല. കാഞ്ഞങ്ങാട് ആശ്രമത്തിലും അന്ന് വണ്ടി ഓടിക്കുവാൻ വരുവാൻ ആരുമില്ലായിരുന്നു. അതുകൊണ്ട് പുറത്തുനിന്നും ഡ്രൈവറെ വിളിച്ചു. ഏതായാലും രാത്രി 9.30 ന് പുറപ്പെടാൻ ഞങ്ങൾ തീരുമാനിച്ചു. യാത്രയ്ക്ക് പുറപ്പെടുന്നതിനു മുമ്പ് ആശ്രമത്തിലെ ചാപ്പലിൽ ഞാൻ കുറച്ചു നേരം പ്രാർത്ഥനയിലായിരുന്നു. അപ്പോഴാണ് കർത്താവ് ഒരു ബോധ്യം

നൽകിയത്. ഞങ്ങൾ പോകുന്ന യാത്രയിൽ ഒരു അപകടം ഉണ്ടാകുമെന്ന്. മാസികയുടെ പോസ്റ്റിംഗിനുള്ള സമയമായിരുന്നതിനാൽ പോകാൻ തന്നെ

**എന്റെ കർത്താവിന് എന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുത്തപ്പോൾ അവിടുന്ന് എനിക്കു തിരിച്ചു തന്ന അനുഗ്രഹമാണിതെന്ന് ഞാൻ വിശ്വസിക്കുന്നു. നാം നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം നമ്മെ സൃഷ്ടിച്ച കർത്താവിന് കൊടുക്കുമ്പോൾ അവിടുത്തെ മക്കളായി, അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കുവാൻ നമുക്ക് സാധിക്കുന്നു.**

തീരുമാനിച്ചു. ഞാൻ ത്രീയേക ദൈവത്തേയും പരിശുദ്ധ അമ്മയേയും സകല വിശുദ്ധരേയും മാലാഖമാരേയും എല്ലാ ദൈവദൂതന്മാരേയും ക്ഷണിച്ചു. എന്നിട്ട് പറഞ്ഞു, ഞാൻ നിങ്ങൾ എല്ലാവരിലും വിശ്വസമർപ്പിച്ചുകൊണ്ട് യാത്ര ചെയ്യുവാൻ പോകുകയാണ്. ഞങ്ങൾക്കൊന്നും സംഭവിക്കാതിരിക്കാൻ നിങ്ങൾതന്നെ ഈ യാത്ര ഏറ്റെടുത്ത് ഞങ്ങളെ നയിക്കണം. വണ്ടിയിൽ ഉള്ള ആർക്കും ഒരപകടവും കൂടാതെ തിരിച്ച് എത്തിക്കുകയും വേണം. ഈ കാര്യം ഞാൻ കൂട്ടത്തിലുള്ള ആരോടും പറഞ്ഞില്ല. ഏതായാലും ത്രിയേക ദൈവത്തോടും പരിശുദ്ധ അമ്മയോടും വിശുദ്ധരോടുമുള്ള ഒരു സ്നേഹബന്ധം. ആ വിശ്വാസത്തിലാണ് ഞാൻ യാത്ര ചെയ്യാനും തീരുമാനിച്ചത്. അന്ന് കാഞ്ഞങ്ങാട് ധ്യാനം കഴിഞ്ഞ ദിവസമായതിനാൽ ആ ധ്യാനത്തിൽ പങ്കെടുത്ത കുറച്ച് ആളുകൾ തൃശ്ശൂരിൽ ഇറങ്ങാനുണ്ടായിരുന്നു. അവരും ആ യാത്രയിൽ ഉണ്ടായിരുന്നു. ഞങ്ങൾ രാത്രിയിൽ യാത്ര ആരംഭിച്ചു. വണ്ടിയുടെ മുൻസീറ്റിൽ തന്നെ ഞാനും ഇരുന്നു. രാത്രിയിലാണെങ്കിൽ എനിക്ക് ഉറക്കവും വന്നില്ല. രാവിലെയായപ്പോൾ തൃശൂരിൽ ഇറങ്ങാനുള്ളവരെ ഇറക്കിയതിനു ശേഷം ഞങ്ങൾ ഡിവൈനിലേയ്ക്ക് പോയി മാസിക കയറ്റി. എനിക്ക് എറണാകുളത്തേയ്ക്ക് പോകേണ്ട ആവശ്യം ഉണ്ടായി രുന്നു. അപ്പോൾ വണ്ടിയിൽ നിറച്ച് മാസികയും ഞങ്ങൾ അഞ്ചുയാത്രക്കാരും ഉണ്ട്. ഞങ്ങൾ എറണാകുളത്തേയ്ക്ക് യാത്രയായി . ഇടപ്പള്ളി മാമംഗലത്ത് എത്തിയപ്പോൾ ഏതോ ഒരു ഗട്ടറിൽ വണ്ടി ചാടുന്നതുപോലെ തോന്നി. പെട്ടെന്ന് ഞാൻ നോക്കുമ്പോൾ ഞങ്ങളുടെ വണ്ടിയുടെ ഒരു ടയർ ഞങ്ങളുടെ വണ്ടിയുടെ മുന്നിൽകൂടി ഒരു അറുപത് കിലോമീറ്റർ സ്പീഡിൽ പോകുന്നു. ആ സമയം തന്നെ ജീപ്പിന്റെ ഇടത്ത് സൈഡ് ബാക്ക് വശം റോഡിൽ കുത്തിനിന്നു. അപ്പോഴാണ് മനസ്സിലായത്, ജീപ്പിന്റെ പുറക് വശത്ത് ഇടത്ത് സൈഡിലുള്ള വീലിന്റെ ആക്സിൽ ഒടിഞ്ഞ് ആ വശത്തുള്ള ടയറാണ് ഈ ഓടിപ്പോകുന്നതെന്ന്. ഈ അറുപതു കിലോമീറ്റർ സ്പീഡിൽ പോകുന്ന ടയർ ഇരുന്നൂറു മീറ്റർ അകലെ സ്കൂൾ വിട്ട് വരുന്ന കുട്ടികളുടെ അടുത്തേയ്ക്കാണ് പോകുന്നത്. ഇത് ഞാൻ വണ്ടിയിലിരുന്ന് കണ്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ കുട്ടികൾ നിൽക്കുന്ന സ്ഥലത്തിന് ഇരുപത്തിയഞ്ച് മീറ്റർ മുമ്പായിട്ട് ഈ ടയർ ആരോ തട്ടിമാറ്റിയതുപോലെ റോഡിന്റെ എതിർ സൈഡിലേയ്ക്ക് പോയി. അന്ന് ആക്സിൽ ഒടിഞ്ഞ് ടയർ തെറിച്ചപ്പോൾതന്നെ ഞങ്ങളുടെ വണ്ടി വശത്തേയ്ക്ക് മറിയാമായിരുന്നു. കാരണം വണ്ടിയിൽ നിറച്ചു ഭാരമാണ്. പക്ഷേ, ഞാൻ എന്റെ ദൈവത്തിൽ വിശ്വാസമുറപ്പിച്ച് ഏൽപിച്ച കാരണം അവിടുന്ന് ഒരു അപകടവും കൂടാതെ ഞങ്ങളെ കാത്തു സംരക്ഷിച്ചു. അതുപോലെ ആ ടയർ വഴി സ്കൂൾ കുട്ടികൾക്ക് ഉണ്ടാകാമായിരുന്ന അപകടവും അവിടുന്ന് തന്നെയാണ് ഒഴിവാക്കിയത്. ഇതു ഞാൻ എന്റെ കർത്താവിന് എന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം കൊടുത്തപ്പോൾ അവിടുന്ന് എനിക്ക് തിരിച്ചു തന്ന അനുഗ്രഹമാണെന്ന് ഞാൻ വിശ്വസിക്കുന്നു. നാം നമ്മുടെ ജീവിതത്തിൽ ഒന്നാം സ്ഥാനം നമ്മെ സൃഷ്ടിച്ച കർത്താവിന് കൊടുക്കുമ്പോൾ അവിടുത്തെ മക്കളായി, അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കാൻ നമുക്ക് സാധിക്കുന്നു.



## ദിവ്യകാരുണ്യവൃക്ഷത്തിന്റെ ചില്ലകളിൽ

# ആകാശപ്പറവകൾ ചേക്കേറിയപ്പോൾ

എഫ്.ബി.എ.യുടെ ചരിത്ര വഴികളിലൂടെ..... (3-ാം ഭാഗം)



**സിസിലിയാമ്മ DECBA**

**അ**സ്വസ്ഥതയുടെയ നിശ്വാസങ്ങൾ നെടുവീർപ്പുകളായി പ്രപഞ്ചത്തിൽ ലയിക്കുമ്പോഴും.. യേശുസാമീപ്യത്തിന്റെ കുളിർമ്മയാൽ ആനന്ദം കൊള്ളുന്ന കുറേപ്പേർ, അവർ താങ്ങും തണലുമായി കുറ്റിക്കലച്ചനിലൂടെ പുറപ്പെടുന്ന വാക്കുകൾക്ക് ജീവൻ കൊടുത്തു. ഇത് അച്ചന്റെ ജീവിതത്തിലൊരാശ്വാസമായിട്ടുണ്ട്. ഇന്നും ഇവരേക്കുറിച്ച് പറയുമ്പോൾ അച്ചന്റെ വാക്കുകൾ വഴി പുതുതലമുറയിലേയ്ക്ക് ശക്തി ഒഴുക്കപ്പെടുന്നു. കാരണം ദൈവം പറയുന്നത് ചെയ്യാൻ വിളിക്കപ്പെട്ടവർ; എന്നാൽ മറ്റുള്ളവർക്ക് മനസ്സിലാക്കാൻ പറ്റാത്ത അവസ്ഥ. ഇതുവഴി എത്രയെത്ര രാത്രികൾ അച്ചന്റെ കണ്ണുനീരുകൊണ്ട് ഈശോയുടെ പാദം കഴുകപ്പെട്ടിട്ടുണ്ട്. തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു. "എന്നിൽ വിശ്വസിക്കുന്നവരുടെ ഹൃദയത്തിൽ നിന്നും ജീവജലത്തിന്റെ അരുവി ഒഴുകും". ദൈവം നമുക്കോരോരുത്തർക്കും വിളിയും വിളിക്കുള്ളിലെ വിളിയും നൽകിയിട്ടുണ്ട്. നൽകുന്നത് ദൈവമാണ് പക്ഷേ ഇത് സ്വീകരിക്കണമോ

വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് നമ്മളാണ്. ദൈവം എപ്പോഴും മനുഷ്യരുടെ സ്വാതന്ത്ര്യത്തിനെ വില കൽപിക്കുന്നു. പരി.

കന്യകാമറിയവും ദൈവം നൽകിയ വിളി എളിമയോടെ സ്വീകരിച്ചപ്പോഴാണ്, പിതാവിന്റെ ഹൃദയത്തിലെ ദൈവീകപദ്ധതി അവളിലൂടെ പൂർത്തികരിക്കപ്പെട്ടത്.

**തകർച്ചകൾക്കപ്പുറം**

ഒരിക്കൽ ഒരു സഹോദരൻ എന്നോടു ചോദിച്ചു. അമ്മേ, അമ്മയുടെ ജീവിതത്തിലെ ഒരു ദൈവാനുഭവം എന്നോട് പറയാമോ...? ഒന്നുരണ്ട് ദൈവാനുഭവങ്ങൾ ആ സഹോദരനുമായി പങ്കുവയ്ക്കുവാൻ ദൈവം കൃപ നൽകി. എന്നിട്ട് ഞാൻ ചോദിച്ചു. ഇത്ര വർഷങ്ങൾ നമ്മൾ തമ്മിൽ പരിചയമുണ്ടായിരുന്നിട്ടും എന്തുകൊണ്ടാണ് ഇതുവരെ ചോദിക്കാതെ ഇപ്പോൾ എന്റെയൊരു ദൈവാനുഭവത്തേക്കുറിച്ച് താങ്കൾ അന്വേഷിക്കുവാൻ ഇടയായത്? ആ സഹോദരൻ പറഞ്ഞ മറുപടി എന്നെ ഒരുപാട് ചിന്തിപ്പിക്കുന്നതായിരുന്നു. കാരണം, അദ്ദേഹം പറയുകയായിരുന്നു. ഇന്ന് അനേകരോട് ദൈവാനുഭവം എന്താണെന്ന് ചോദിച്ചാൽ മിക്കവർക്കും പറയാനുള്ളത് തങ്ങളുടെ ജീവിതത്തിലുണ്ടായ തകർച്ചകളും അതിൽ നിന്ന് ദൈവം രക്ഷപെടുത്തിയ കഥകളുമാണ്. ഇതൊരു വിധത്തിൽ ദൈവാനുഭവമാണ്. തകർച്ചകളിൽ നിന്നും നമ്മെ പടുത്തുയർത്തുന്ന ദൈവം... പക്ഷേ, ഇതിനപ്പുറത്തേയ്ക്ക് അനുദിന ജീവിതത്തിൽ പലപ്പോഴും നമ്മേ ദൈവം സ്പർശിക്കുന്ന സാഹചര്യങ്ങളും അവസ്ഥകളുമുണ്ട് ഇത് പലപ്പോഴും പലരും മറന്ന് പോകുന്നു. അപ്പോൾ ദൈവാനുഭവമുള്ള വ്യക്തികളിലൂടെ ദൈവം നടത്തുന്ന പ്രവർത്തനങ്ങൾ എപ്പോഴും മനുഷ്യ ദൃഷ്ടിയിൽ വിസ്മയാവഹമാണ്.

**ഞാൻ ചോദിച്ചു. ഇത്ര വർഷങ്ങൾ നമ്മൾ തമ്മിൽ പരിചയമുണ്ടായിരുന്നിട്ടും എന്തുകൊണ്ടാണ് ഇതുവരെ ചോദിക്കാതെ ഇപ്പോൾ എന്റെയൊരു ദൈവാനുഭവത്തേക്കുറിച്ച് താങ്കൾ അന്വേഷിക്കുവാൻ ഇടയായത്?**

**ദൈവം സ്പർശിക്കുമ്പോൾ**

ദിവ്യകാരുണ്യ സന്നിദ്ധിയിലിരുന്ന് ഈ ചിന്തയെ ഞാൻ മനനം ചെയ്തപ്പോൾ ദൈവം സ്പർശിച്ച അനേക ജീവിതങ്ങൾ എനിക്കു മുമ്പിലൂടെ കടന്നുപോയി... അതിൽ എനിക്ക് ചിരപരിചിതനായ ഒരാളും ഉണ്ടായിരുന്നു. കുറ്റിക്കലച്ചനും അച്ചന്റെ ജീവിതത്തിലെ തകർച്ചകളിൽ നിന്നല്ല എഫ്.ബി.എ. രൂപം കൊണ്ടത് മറിച്ച് അവന്റെ സ്പർശനത്തിൽ നിന്നുമാണ്. ഇശോ ഭരത്പൂർ പക്ഷി



സങ്കേതത്തിൽ വച്ച് അച്ചന്റെ ഹൃദയത്തിൽ തൊട്ടു. ദൈവം തൊട്ട മനുഷ്യന് അടങ്ങിയിരിക്കാൻ പറ്റില്ല. ഇതുപോലെ ദൈവം തൊട്ട മനുഷ്യരായിരുന്നു, വി. ഫ്രാൻസിസ് അസ്സീസിയും, വാ. മദർതെരേസായും, വി. ജാനബെത്തേ മൊള്ളേയുമെല്ലാമെല്ലാം രാവെന്നോ പകലെന്നോ നോക്കാതെ ദൈവം നമ്മെ തൊട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇതു ഒരുപക്ഷേ ഒരു ധ്യാനപരിപാടിയിൽ പങ്കെടുക്കുമ്പോഴോ, ആരാധനയിൽ ആയിരിക്കുമ്പോഴോ ആകണമെന്നില്ല. അവൻ ഏത് സമയത്തും സാഹചര്യത്തിലും നമ്മുടെ കൂടെ ഉണ്ട്. അതുകൊണ്ട് തന്നെ ഏത് സമയത്തും സാഹചര്യത്തിലും അവൻ നമ്മളെ സ്പർശിക്കും തന്റെ ദൗത്യം ഏൽപിക്കും.

**ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ, അവിടുന്ന് തക്ക സമയത്ത് ഉയർത്തിക്കൊള്ളും.**

### ദൈവത്തിൽ പ്രത്യാശയർപ്പിക്കുവിൻ

ഇതിനു മുമ്പായി നമ്മുടെ ദൈവത്തിലുള്ള പ്രത്യാശയുടെ മാറ്റ് ഉരയ്ക്കപ്പെടുന്നു. യഥാർത്ഥ പ്രത്യാശയിൽ ജീവിക്കുന്ന വ്യക്തി എത്ര വലിയ പ്രതിസന്ധിയിലും ദൈവത്തോട് ചേർന്ന് നിൽക്കും. പഴയ നിയമത്തിൽ ജോബിന്റെ കഥയും മക്കബായരുടെ പുസ്തകത്തിലെ, ഏഴു പുത്രന്മാരുടെ മരണം കണ്ടിട്ടും, വിശ്വാസത്തിൽ ഉറച്ചു നിന്ന അമ്മയും ഇതിന്റെ ഉദാഹരണമാണ്. ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ, അവിടുന്ന് തക്ക സമയത്ത് ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്. ഇനി ദൈവം നമ്മുടെ ജീവിതത്തിൽ ഇടപെടുവാൻ നിശ്ചയിച്ച സമയമുണ്ട് അത് വളരെ നേരത്തേയുമല്ല വളരെ വൈകിയുമല്ല. തക്ക സമയത്താണ്. നാം മറ്റുള്ളവർക്ക് ഉപകാരമുള്ള പാത്രമായി മാറണം. കളിമണ്ണ് പല രൂപത്തിൽ രൂപപ്പെടുത്തി. വേവിച്ചെടുത്തപ്പോഴാണ് നല്ല പാത്രമായത്. നാം മറ്റുള്ളവർക്ക് ദൈവം ആഗ്രഹിക്കുന്ന നന്മ ചെയ്യുന്ന വ്യക്തിയായി തീരാൻ ദൈവം ആഗ്രഹിക്കുന്നു.

### നവസുവിശേഷീകരണത്തിന്റെ വിളി

അച്ചൻ ഓർമ്മിപ്പിക്കാറുണ്ട് നവ സുവിശേഷീകരണത്തിനുവേണ്ടിയുള്ള നമ്മുടെ വിളി ഒരു ദൈവീകദാനമാണ്. തല ചായ്ക്കാനിടമില്ലാതെ തെരുവിൽ അലയുന്ന മുറിവേറ്റവനും തകർക്കപ്പെട്ടവനുമായ യേശുവിനെ അനുഭവിച്ചറിയാനും അവന്റെ ഹൃദയമിടിപ്പുകൾ അറിയാനുമുള്ള വിളിയാണ് ഇത്. ഏശയ്യാ പ്രവാചകൻ 52,53 അദ്ധ്യായങ്ങളിൽ പറയുന്ന ഈ സഹനദാസനെ തെരുവിൽ കഴിയുന്ന തകർക്കപ്പെട്ട അവസ്ഥയിൽ കാണുന്നവരിൽ ദൃശ്യമാകുന്നു. അവരെക്കുറിച്ചുള്ള ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹം അനുഭവിച്ചറിഞ്ഞ്, ഇടയനില്ലാത്ത ആടുകളെക്കുറിച്ചുള്ള വേദനയിൽ പങ്കുചേർന്ന് പ്രാർത്ഥിക്കുവാനും, വേലക്കാരെ അയയ്ക്കുവാനും അവരെ വചനം കൊണ്ടും അപ്പം കൊണ്ടും പരിപോഷിപ്പിക്കുവാനുമുള്ള വിളി.

ഓരോ കാലങ്ങളിലും നവ സുവിശേഷീകരണത്തിനുള്ള വിളി അവന്റെ ഹൃദയങ്ങളിൽ രൂപപ്പെടുന്നു. ഇതിൽ ഈശോ നമ്മെ പങ്കു ചേർക്കുന്നു. അപ്പോൾ നമ്മൾ ചെയ്യുന്ന കാര്യങ്ങൾ എത്ര നിസ്സാരമായാലും അതിൽ നിന്നും ഉണ്ടാകുന്ന ഫലങ്ങൾ വിവരണാതീതമാണ്.

### പുറക്കാട്ടേ സ്നേഹോത്സവം

രാവിലെ വിശുദ്ധ കുർബ്ബാനയും, പ്രഭാത ഭക്ഷണവും കഴിഞ്ഞ് മുറിയിലിരുന്ന് വായനയിലായിരുന്നു. അച്ചന്റെ ചിന്തയിലേയ്ക്കാണ് ഈശോ പുറക്കാട്ട് നടത്തപ്പെട്ട സ്നേഹോത്സവത്തിന്റെ ചിന്തയുമായി കടന്നു വന്നത്. വായിച്ചുകൊണ്ടിരുന്ന പുസ്തകം തുടർന്ന് വായിക്കാതെ, മനസ്സ് ഏകാഗ്രമാക്കാനോ സാധിക്കാത്ത അവസ്ഥയിൽ, അച്ചൻ പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോൾ മനസ്സിലായി ഈശോയ്ക്ക് അച്ചനോട് എന്തോ പറയാനുണ്ടെന്ന്. ഈശോയെ ശ്രദ്ധിച്ചു. കസേരയിൽ നിന്നും നിലത്തിറങ്ങി താഴെ ഒരു പുൽപ്പായ വിരിച്ച് അതിലിരുന്നു. അരികിൽ കുർബ്ബാന പുസ്തകവും, ബൈബിളും നീണ്ട രണ്ടര മണിക്കൂർ മൗനത്തിലായിരുന്നതിനു ശേഷം പിന്നീട് ഈശോ പുറക്കാട് സ്നേഹോത്സവത്തെക്കുറിച്ച് കാണിച്ചു കൊടുക്കുവാൻ തുടങ്ങി.

(തുടരും)

# ജോസച്ചൻ കുരിശിൻ തറയിലോ, **കുറുപ്പുന്തറയിലോ.....**

**കോട്ടയം രൂപതയുടെ കാസർഗോഡ് ജില്ലയിലുള്ള മാലക്കല്ല് ഇടവകയിലെ കുറുപ്പുന്തറയിൽ ജോസച്ചൻ എന്ന നല്ലിടയൻ ആകാശപ്പറവകളുടെ കൂട്ടുകാർ മാസികയ്ക്ക് വേണ്ടി ഹൃദയം തുറക്കുന്നു.**

തയ്യാറാക്കിയത്

**അഗസ്റ്റിൻ വലിയപറമ്പിൽ**



**ചെ**റുപ്പത്തിലെ ഒരു വൈദികനാകാൻ ആഗ്രഹിച്ചു. വല്യപ്പന്റെ പ്രാർത്ഥനകൾ അതിന് മിഴിവേകി. ആദ്യമായി ദൈവവിളി ക്യാമ്പിനായി എസ്.വി.ഡി. സഭയിലേയ്ക്ക് കടന്നു ചെന്ന അച്ചന്റെ പെർഫോമൻസ് കണ്ട അധികാരികൾ പറഞ്ഞു മോൻ പി.ഡി.സി. കഴിഞ്ഞ് വന്നാൽ മതി. തുടർന്ന് കോട്ടയം രൂപതയിൽ വൈദികനാകാൻ ദൈവം എന്നെ അനുവദിച്ചു.

**ജീവിതസാക്ഷ്യം**

കോട്ടയത്തും, വടവാതൂർ സെമിനാരിയിലുമുള്ള പഠന കാലങ്ങൾ; ജോസച്ചൻ വടവാതൂർ സെമിനാരിയിലെ തിയോളജി വിദ്യാർത്ഥിയായിരുന്ന കാലത്ത് ജോർജ്ജ് കുറ്റിക്കലച്ചൻ അവിടെ എം.റ്റി.എച്ച് പഠനത്തിലായിരുന്നു. അന്ന് അവിടെ രൂപപ്പെട്ട (ജീസസ്സ് ഫ്രട്ടേണിറ്റി) ജെയിൽ പ്രേക്ഷിതത്വത്തിലൂടെ തന്റെ അജഗണങ്ങളുടെ ഇടയിലേയ്ക്ക് കടന്നു ചെല്ലുന്നു. തന്റെ അജഗണങ്ങൾക്ക് വേണ്ടി അലയുന്ന ഒരു വൈദീകൻ; മൂന്നു കൊല്ലത്തിൽ കൂടുതൽ ഒരു ഇടവകയിലും അദ്ദേഹം ഇരിക്കാറില്ല. വ്യക്തികളെ അറിഞ്ഞ്, സ്നേഹിച്ച് പുതിയ പുതിയ ഇടങ്ങൾ തേടിപ്പോകുന്നു. പുതിയ പുതിയ വ്യക്തികളെ പരിചയപ്പെടുന്നു. പുതിയ പുതിയ സ്ഥലങ്ങൾ പരിചയപ്പെടുന്നു. പുതിയ പുതിയ അറിവുകൾ നേടുന്നു. അച്ചൻ പറയുകയായിരുന്നു; നമ്മൾ ഒത്തിരി ചെയ്യാതെ നമുക്കറിയാവുന്നത് പരമാവധി ചെയ്യുക. തിരുവചനം പറയുന്നതുപോലെ ഇനിയും ഞാൻ പോകേണ്ട ഒരുപാട് സ്ഥലങ്ങളുണ്ട്. നമ്മൾ ഘോരഘോരം പ്രസംഗിച്ചാലും ജീവിതത്തോളം സ്വാധീനിക്കുന്ന മറ്റൊന്നില്ല.

**പ്രസംഗത്തേക്കാൾ ജീവിതം**

ഇതിനിടയിൽ ഇടവകയിലെ യുവജനങ്ങളെ അച്ചൻ കെ.

സി.വൈ.എൽ. എന്ന സംഘടന രൂപീകരിച്ച് കഴിവുറ്റവരാക്കി മാറ്റുന്നു - സഭയോടു ചേർന്ന് നിന്ന് പ്രവർത്തിക്കാൻ അവരെ പ്രാപ്തരാക്കുന്നു. മുൻകാല ജീവിതം ഇതിനായി അച്ചനെ ഒത്തിരി സഹായിച്ചിട്ടുണ്ട്. 1998 മുതൽ 2009 വരെ അച്ചൻ മദ്യവിരുദ്ധസമിതിയുടെ ചെയർമാനായിരുന്നു. ഇടവകയിൽ വിധവാഗ്രൂപ്പ്, സീനിയർ സിറ്റിസൺ ഗ്രൂപ്പ്, മിഷൻ ലീഗ്, കെ.സി.വൈ.എം., ഭക്ത സാമൂഹിക സാമുദായിക സംഘടനകൾ എന്നിവയുടെ പ്രവർത്തനം വഴി സഭയിൽ വിശ്വാസികളുടെ പങ്കാളിത്തത്തെ വർദ്ധിപ്പിക്കുന്നു. ഇതുവഴി ഓരോ ഇടവകാംഗത്തേയും വ്യക്തിപരമായി കരുതുന്നു. കൂടാരയോഗങ്ങൾ (കുടുംബക്കൂട്ടായ്മ) എല്ലാ മാസവും ഓരോരോ വാർഡുകളായി തിരിച്ച് നടത്തപ്പെടുന്നു. അച്ചൻ ഉദാഹരണമായി കൂട്ടിച്ചേർക്കുമായിരുന്നു. 'കുറ്റിക്കലച്ചന്റെ പ്രസംഗത്തിനേക്കാൾ മൂല്യമായിട്ടുള്ളത് അച്ചന്റെ ജീവിതമാണ്.' നമ്മുടെ കുറവും ഇവിടെയാണ്. അതുകൊണ്ട് വ്യക്തിപരമായ ഒരു ടച്ച് നമുക്ക് നടക്കുന്നില്ല. നമുക്കിപ്പോൾ സ്ഥാപനങ്ങൾ വർദ്ധിച്ചിരിക്കുന്നു. അപ്പോൾ വ്യക്തിബന്ധങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ നമ്മുടെ സംസാരവിഷയത്തിൽ പോലും യേശുവെന്ന നാമം വരുന്നില്ല. നമ്മൾ ഓരോ ദിവസവും എന്തൊക്കെ കാര്യങ്ങൾ സംസാരിക്കുന്നുണ്ട്. എന്നാൽ ഏറ്റവും കുറച്ച് പറയുന്ന ഒരു കാര്യം ഈശോ എന്ന വാക്കാണ്.

**പ്രേഷിതൻ**

മാലക്കല്ല് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനത്തിടയിലും അച്ചൻ അജഗണങ്ങളുടെ ക്ഷേമാന്വേഷണങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നു. അച്ചൻ പറഞ്ഞു വിശ്വാസത്തിന്റെ മേഖല വരുമ്പോൾ ഇതു നടക്കുമോ ഇല്ലയോ..? എവിടെപ്പോകും എന്നൊരു ആകുലത വരാറുണ്ട്. എങ്കിലും അത് അൽപ്പസമയത്തേയ്ക്കു മാത്രം. സ്കൂളിന്റെ കാര്യമല്ല എനിക്ക് വേണ്ടത്; ആത്മാവിന്റെ കണക്കാണ്. സ്കൂൾ കെട്ടിടം ദൈവം ആരിലൂടെയെങ്കിലും പണിയിപ്പിക്കും. പക്ഷേ എന്നെ ഏൽപിച്ച ആത്മാക്കളുടെ

**നമുക്കിപ്പോൾ സ്ഥാപനങ്ങൾ വർദ്ധിച്ചിരിക്കുന്നു. അപ്പോൾ വ്യക്തിബന്ധങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ നമ്മുടെ സംസാരവിഷയത്തിൽപോലും യേശുവെന്ന നാമം വരുന്നില്ല. നമ്മൾ ഓരോ ദിവസവും എന്തൊക്കെ കാര്യങ്ങൾ സംസാരിക്കുന്നുണ്ട്. എന്നാൽ ഏറ്റവും കുറച്ച് പറയുന്ന ഒരു കാര്യം ഈശോ എന്ന വാക്കാണ്.**

കണക്ക് ഞാൻ തന്നെയാണ് കൊടുക്കേണ്ടത്. ദൈവം എന്നോട് സ്കൂളിന്റെ കാര്യം ചോദിക്കില്ല; ചെന്നായിപ്പാറയിലും നെല്ലിപ്പാറയിലും വന്ന് എഫ്.ബി.എ. യുടെ ധ്യാനം കൂടിയിട്ടുള്ള അച്ചൻ 2003 ൽ മുട്ടത്ത് നടന്ന എഫ്.





ബി.എ. അഖിലേന്ത്യ പഞ്ചദിന കൂട്ടായ്മയിലും പങ്കെടുത്തിട്ടുണ്ട്. ഇതൊക്കെ അച്ചന്റെ പൗരോഹിത്യ ജീവിതത്തിന് ഒരു മുതൽക്കൂട്ടും പ്രചോദനവുമാണ്. അച്ചൻ പറയുന്നു പിതാക്കന്മാരായ ബഹു. ഫ്രാൻസീസ് കൊടിയനച്ചന്റേയും കാരിപ്പേരി അച്ചന്റേയും മറ്റും സഹപാഠിയായിരുന്നു. കുറുപ്പുന്തറ അച്ചൻ ആ സമയത്ത് ജയിലറ പ്രേക്ഷിതത്വത്തിനൊപ്പം ധീരതയോടെ ഇറങ്ങിത്തിരിക്കുവാനും അദ്ദേഹത്തിന് ദൈവം കൃപ നൽകി.

**കൊയ്ത്തിന് വേലക്കാരെ ഒരുക്കരുത്**

രാജപുരം ഇടവകയിലാണ് അച്ചൻ ആദ്യമായി തന്റെ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. പിന്നീട് പാലക്കാട്, ഹൈറേഞ്ച്, മലപ്പുറം, ആലപ്പുഴ ജില്ലകളിലൂടെ തന്റെ അജഗണങ്ങളെ മേയ്ച്ച് നടന്ന ഈ നല്ലയിടയൻ. തുവാനീസാ, ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറായി ആയി 5 വർഷം ശുശ്രൂഷ ചെയ്തു. ജനഹൃദയങ്ങളുടെ പൾസ് അറിഞ്ഞ്, അവരിലേയ്ക്ക് കടന്നു ചെല്ലുന്ന അച്ചൻ മാലക്കല്ല് ഇടവകാംഗങ്ങളുടെ വിശ്വസ്തനായ ഒരു നല്ലിടയനാണ്. മഞ്ഞെന്നോ വെയിലെന്നോ മഴയെന്നോ വകവയ്ക്കാതെ ഇടവകാംഗങ്ങളുടെ വീടുകളിലൂടെ കയറിയിറങ്ങി അവരുടെ ക്ഷേമവിവരങ്ങൾ അന്വേഷിക്കുന്നത് ഇതെല്ലാം ശേഖരിച്ചുകൊണ്ട് അച്ചൻ രാവേറെ ദിവ്യകാരുണ്യ സന്നിദ്ധിയിൽ നിന്നും കൃപ സ്വീകരിച്ചുകൊണ്ട് ഈ നോമ്പിന്റെ കാലത്ത് രണ്ട് വാർഡുകൾ രണ്ടു ദിശകളിൽ നിന്നും കുരിശിന്റെ വഴിയുമായി വരുന്നു. 14-ാം സ്ഥലത്ത് ഇവർ ഒരുമിയ്ക്കുന്നു പിന്നീട് രണ്ട് വാർഡുകൾക്ക് ഒരുമിച്ച് സന്ദേശം കൊടുക്കുന്നു. പിന്നീട് കുമ്പസാരം, കുർബ്ബാന, സ്നേഹവിരുന്ന് അങ്ങനെ സ്നേഹത്തിലും ഐക്യത്തിലും പിരിയുന്ന കൂട്ടായ്മകൾ. ഇതൊരു ദർശനമാണ്.

**ജനഹൃദയങ്ങളുടെ പൾസ് അറിഞ്ഞ്, അവരിലേയ്ക്ക് കടന്നു ചെല്ലുന്ന അച്ചൻ മാലക്കല്ല് ഇടവകാംഗങ്ങളുടെ വിശ്വസ്തനായ ഒരു നല്ലയിടയനാണ്.**

ഭാവിയെക്കുറിച്ചുള്ള അച്ചന്റെ ദർശനം ഇതുവഴി ഇടവകാംഗങ്ങളുടെ ഭക്തിതീഷ്ണത വർദ്ധിക്കുന്നു. കൂടാതെ യുവജനങ്ങൾക്കിടയിൽ ദൈവവിളിയ്ക്ക് പോകാനാഗ്രഹമുള്ളവരെക്കുറിച്ച് അന്വേഷിക്കുന്നു. അവരുടെ പേരുകൾ രജിസ്റ്റർ ചെയ്ത് ഒരു ആസ്പിരൻസിലെന്നത് പോലെ അവരെ പ്രാർത്ഥനയിലും മറ്റും വളർത്തുന്നു. ഇങ്ങനെ വളർന്ന് വരുന്നവരെ മാത്രമേ ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു. ഇപ്പോൾ 12 ആൺകുട്ടികളും മൂന്നു പെൺകുട്ടികളും ദൈവവിളി ക്യാമ്പിനായി ഒരുക്കപ്പെടുന്നുണ്ട്. 73 ൽ അധികം ദൈവവിളികളാൽ അനുഗ്രഹീതമാണ് മാലക്കല്ല് ഇടവക അതിൽ 11 വൈദീകരും 64 സിസ്റ്റേഴ്സും 2 ബ്രദേഴ്സും അടങ്ങുന്നു. അച്ചൻ സൂചിപ്പിച്ചു, നമ്മുടെ ജീവിതമാണ് സന്ദേശം ഒരു പ്രസംഗത്തിലൂടെ ആളുകളെ നേടുന്നതിനെ ... ജീവിതത്തിലൂടെ ആളുകളോട് കൂടെയാകാൻ കഴിഞ്ഞാൽ ഓരോ വ്യക്തിയേയും സ്പർശിച്ച് അവരിൽ മാറ്റം വരുത്തുവാൻ കഴിയും.



## തപസ്സിന്നൊരുക്കം

എഫ്.ബി.എ. എക്ലേഷ്യൽ കമ്മ്യൂണിറ്റിയുടെ നേതൃത്വത്തിൽ 2012 ജനുവരി മാസം മുതൽ സ്നേഹാലയത്തിലെ യൂത്ത് സെന്ററിൽ വച്ച് **എല്ലാ മാസവും 22 മുതൽ 31 വരെ** നടക്കുന്ന **തിരുസഭാ സ്നേഹപ്രത്യാശാ പരിശീലന ധ്യാനം** എഫ്.ബി.എ.യുടെ അഖിലേന്ത്യാ, സംസ്ഥാന, ജില്ലാതല ആശ്രമതല നേതൃത്വ സമിതികളും ആകാശപ്പറവകളുടെ ദിവ്യകാരുണ്യ ഉടമ്പടി സമൂഹത്തിലെ അപ്പന്മാരും അമ്മമാരും ആകാശപ്പറവകളുടെ സ്ഥാപകപിതാവായ **ജോർജ്ജ് കുറ്റിക്കലച്ചനും** അച്ചന്റെ സഹായിയായി സഭ നൽകിയിരിക്കുന്ന **റോണി തു ത്തിൽ അച്ചനും** ഈ തപസ്സിൽ നമ്മോടൊപ്പം ഉ ാ കും.

# പെന്തക്കുസ്താ തപസ്

**തീയതി : 2012 മെയ് 16 വൈകുന്നേരം മുതൽ 27-ാം തിയതി ഉച്ചവരെ**
**സ്ഥലം : സ്നേഹകുടീരം, സ്നേഹാലയം, മദർതെരേസാ പാറ**

എനിക്ക് ജീവിക്കുന്നത് തിരുസഭയാകുന്നു. മരിക്കുന്നത് സ്വർഗ്ഗീയ സഭയിലേയ്ക്കുള്ള പ്രവേശനമാകുന്നു എന്ന തിരിച്ചറിവിലേയ്ക്ക് വന്നവർക്ക്, ദിവ്യഈശോയുടെ പ്രേഷ്ഠമണവാട്ടിയും അവിടുത്തെ ഏറ്റവും വത്സല ആട്ടിൻപറ്റവും, മൗതിക ശരീരവുമായ തിരുസഭയുടെ മടിത്തട്ടിൽ മാമ്മോദീസായിലൂടെ ദൈവമക്കളായി പിറന്ന് ദിവ്യഈശോയുടെ തിരുശരീര രക്തങ്ങളാൽ പോഷിപ്പിക്കപ്പെട്ട് തൈലാഭിഷേക കൂദാശകളിലൂടെ പരിശുദ്ധാത്മാവിൽ വളർത്തപ്പെട്ടുകൊണ്ടിരിക്കുന്ന തിരുസഭാമക്കൾക്ക്, തിരുസഭാ സ്നേഹത്തിന്റേയും തിരുസഭാജീവിതത്തിന്റേയും ജ്ഞാനത്തിലും കൃപയിലും വളർന്ന് തിരുസഭയുടെ ശ്രേഷ്ഠരും വിശുദ്ധരുമായ മക്കളായി ഉയരാനും ഉയർത്താനും തീവ്രമായി ദാഹിക്കുന്ന വ്യക്തികൾക്ക് വേണ്ടി മാത്രമാണ് ഈ ദശദിനതപസ്സ്.

**തിരുസഭാ സ്നേഹ വിജ്ഞാനീയത്തിൽ നമ്മെ വളർത്താൻ കഴിയുന്ന തിരുസഭയുടെ ദൈവശാസ്ത്ര പണ്ഢിതന്മാരും ഈ തപസ്സിൽ ആഴമേറിയ ജ്ഞാനം പകരുന്നു.**

**അന്വേഷണങ്ങൾക്ക്**
**9947991831, 9446143512, 9961690815**